# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.4118

13.12.2018-ലെ മറുപടിക്ക്

**ചോദ്യം**
ശ്രീ. കെ.സി. ജോസഫ്

**മറുപടി**
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സമ്പദ്ഘടനയിലെ മാന്ദ്യം**

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സമ്പദ്ഘടനയിലെ മാന്ദ്യം മാറ്റുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്; | കേന്ദ്ര സർക്കാരിന്റെ വികലമായ സാമ്പത്തിക നയങ്ങളുടെയും, നോട്ട് നിരോധനത്തിന്റെയും, വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടി സാമ്പത്തിക മുരടിപ്പ് തരണം ചെയ്യുന്നതിനായി ദീർഘകാല ഹ്രസ്വകാല അടിസ്ഥാനത്തിലുള്ള നടപടികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.<br>വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു.<br>1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ. യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ 40,000/- കോടിയോളം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി. സമാനതകളില്ലാത്ത ഈ നിക്ഷേപം ഉളവാക്കുന്ന സാമ്പത്തിക ഉത്തേജനം സാമ്പത്തിക മാന്ദ്യത്തിന് ഒരു മറുമരുന്നാകും.<br>സമ്പൂർണ്ണ പാർപ്പിടം ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് പാർപ്പിട പദ്ധതിയ്ക്കായി 2018-19-ൽ 2,500/- കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിലുള്ള ചെലവഴിക്കൽ ഗ്രാമീണ, നിർമ്മാണ മേഖലകളിൽ ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കും. |

| | | |
|---|---|---|
| | | പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കയർ, കശുവണ്ടി വ്യവസായം തുടങ്ങിയവയും നെല്ല് സംഭരണം, തരിശു ഭൂമിയിൽ കൃഷിയിറക്കൽ, നാളികേര വികസനം, വിളകളുടെ ആരോഗ്യ പരിപാലനം, ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കൽ, വ്യാവസായികാടിസ്ഥാനത്തിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് നൂതന സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുക, റബ്ബർ ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും, കാലിത്തീറ്റ സബ്സിഡിയും, ക്ഷീര സഹകരണ സംഘങ്ങൾക്കും മുന്തിയ പരിഗണന ഉറപ്പ് വരുത്തുന്നതിനും 2018-19 ലെ ബഡ്ജറ്റിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് കുതിപ്പ് നൽകുന്നതിനായി വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിയമങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തി.<br>വൻകിട ഇടത്തരം ജലസേചന പദ്ധതികളോടൊപ്പം പരമ്പരാഗത ജല സ്രോതസ്സുകളായ കുളങ്ങളും തോടുകളും പുനരുദ്ധരിക്കുന്നതിനും, കനാലുകൾ നവീകരിക്കുന്നതിനും സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ ജലസേചന ആവശ്യങ്ങൾക്ക് ഒരു പരിധിവരെ മേൽ പദ്ധതികൾ പര്യാപ്തമാകും.<br>2018-19-ൽ 37,247.99 കോടി രൂപയുടെ വാർഷിക പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന പദ്ധതി അടങ്കൽ 29,150/- കോടി രൂപ വരും. ഗ്രാമവികസനത്തിന് 226.04 കോടി രൂപയുടെയും, കാർഷിക മേഖലയ്ക്ക് 155.12 കോടി രൂപയുടെയും വർദ്ധനവ് മുൻ വർഷത്തെ അപേക്ഷിച്ച് അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 7,000/- കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങൾ മൂലം ദേശീയ ശരാശരിയെക്കാളും പിന്നിലായിരുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ എന്ത് മാറ്റം ഉണ്ടാക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ? | സംസ്ഥാന സർക്കാരിന്റെ പ്രത്യുത്പാദനപരവും ക്രിയാത്മകവുമായ നടപടികളിലൂടെ 2017-18 ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച (ത്വരിത കണക്കുകൾ പ്രകാരം 7.18%) ദേശീയ നിരക്കിനെക്കാൾ (6.7%) മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**